തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# ഇരുപത്തിരണ്ടാമത്
# പണ്ഡിതസഭായോഗ തീരുമാനങ്ങൾ

## അക്ഷരം കാമ്പസ്, തിരൂർ
## 2019 സപ്തംബർ 24, രാവിലെ 10.30

**പങ്കെടുത്തവർ:**

1. ഡോ. വി. അനിൽകുമാർ (വൈസ് ചാൻസലർ) അദ്ധ്യക്ഷൻ
2. ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ ചാർജ്)
3. ഡോ. എൻ.പി. ചന്ദ്രശേഖരൻ
4. ഡോ. മോഹൻദാസ് യു.എ.
5. ഡോ. ഖദീജാ മുംതാസ്
6. ശ്രീമതി കലാമണ്ഡലം ഹൈമവതി
7. ഡോ. പി. പവിത്രൻ
8. ശ്രീ കെ.പി. രാമനുണ്ണി
9. ഡോ. എം. ശ്രീനാഥൻ
10. ഡോ. കെ.എം. ഭരതൻ
11. ഡോ. പി. സതീഷ്
12. ശ്രീ പി. ജയരാജൻ

വൈസ് ചാൻസലറുടെ ആമുഖഭാഷണത്തോടെ യോഗം രാവിലെ 10.30 ന് ആരംഭിച്ചു.

ഇനം **1/22** | **പുരാലിഖിത വിജ്ഞാനീയം - ബിരുദാനന്തരബിരുദ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച്**

നമ്പർ: 1460/എ1/2019/അക്കാദമികം

**തീരുമാനം 1/22**

1. ലിപി പഠനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന് അംഗീകാരം നൽകി.
2. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സർവകലാശാലയുടെ കീഴിൽ സ്വതന്ത്രപഠനകേന്ദ്രമായി അതിനെ നിലനിർത്തുന്നതാണ് അഭികാമ്യം.

(ആർക്കിയോളജി, പുരാവസ്തുവകുപ്പ്, കെ.സി.എച്ച്.ആർ, ഇന്ത്യൻ എപിഗ്രാഫിക് സെന്റർ, മാനുസ്ക്രിപ്റ്റ് ലൈബ്രറി, കാലിക്കറ്റ് സർവകലാശാല തുടങ്ങിയ

സ്ഥാപനങ്ങളുടെ സഹായം തേടുകയും വേണം.

സെന്ററിന്റെ പ്രവർത്തനത്തിനു വേണ്ടിയുള്ള ഫണ്ട് മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കണം.

ഇന്റൻസിവ് കോഴ്സായി നടത്തണം.

സ്വാശ്രയ ഘടനയ്ക്കു പകരം സാധ്യമാകുന്ന മറ്റു സാമ്പത്തിക സ്രോതസ്സുകൾ പ്രയോജനപ്പെടുത്തിയുള്ള രൂപീകരണമാണ് വേണ്ടത്. (ഫീസ് ഈടാക്കിക്കൊണ്ട് കോഴ്സ് നടത്താവുന്നതാണ്.)

3. കോഴ്സ് - കോ-ഓർഡിനേറ്ററായി ഡോ. ജി. സജ്നയുടെ പേര് ശുപാർശ ചെയ്തു. കോ-ഓർഡിനേറ്റർക്ക് പ്രതിമാസവേതനം നൽകേണ്ടതില്ല.

ഡോ. എം.ജി.എസ്. നാരായണൻ
ഡോ. എം.ആർ. രാഘവ വാരിയർ
ഡോ. പി. രാജേന്ദ്രൻ
ഡോ. ചാത്തനാത്ത് അച്യുതനുണ്ണി
ഡോ. എൻ. സാം
എന്നിവരുൾപ്പെടുന്ന ഉപദേശകസമിതി രൂപീകരിക്കുക.
(പഠനബോർഡ് ഇവരുടെ ചർച്ചക്ക് ശേഷം രൂപീകരിക്കാവുന്നതാണ്.)

നവംബർ 1 ന് ആരംഭിക്കത്തക്കവിധം പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും മറ്റും പിന്നീട് ചർച്ച ചെയ്യാവുന്നതാണ്.

ഇനം **2/22**

## പരിസ്ഥിതിപഠനം - പഠനബോർഡ് തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്

നമ്പർ: 1667/എ2/2019/അഡ്മിൻ

**തീരുമാനം 2/22**

1. മലയാളസർവകലാശാലയിൽ ശാസ്ത്ര-സാങ്കേതിക ഫാക്കൽറ്റി രൂപീകരിക്കാൻ അക്കാദമിക് കൗൺസിൽ ശുപാർശ ചെയ്തു.

2. വിജ്ഞാനനിഘണ്ടു തയ്യാറാക്കുന്നതിനുള്ള അടിസ്ഥാനരേഖ തയ്യാറാക്കുകയും വി.സി.മാരുടെ യോഗത്തിൽ അത് അവതരിപ്പിക്കുകയും ചെയ്യേണ്ടതാണ്.

3. എം.എ, എം.ഫിൽ, പിഎച്ച്.ഡി. പ്രബന്ധങ്ങൾ തയ്യാറാക്കേണ്ടത് മലയാളത്തിൽ മാത്രമാണ്. പിഎച്ച്.ഡി. പ്രബന്ധങ്ങൾ ഇംഗ്ലീഷിൽ തയ്യാറാക്കാനുള്ള റിസർച്ച് കൗൺസിലിന്റെ അനുമതി റദ്ദു ചെയ്യാൻ നിർദ്ദേശിച്ചു.

4. വിവർത്തനപഠനകേന്ദ്രം എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്.

5. സിലബസ് മലയാളത്തിൽ തയ്യാറാക്കി പഠിപ്പിക്കേണ്ടത് അതതു വകുപ്പിന്റെ

ചുമതലയാണ്.

പരിസ്ഥിതി പഠനബോർഡിന്റെ തീരുമാനങ്ങൾ താഴെപറയുന്ന പരിഷ്കാരങ്ങളോടെ അംഗീകരിച്ചു.

1. നിലവിലുള്ള അവസ്ഥയിൽ പുതുതായി ഒരു ബ്രിഡ്ജ് കോഴ്സ് നടത്തേണ്ടതില്ല. പ്ലസ്ടു തലത്തിൽ സയൻസ് പഠിച്ചിട്ടുള്ള ഏതു ബിരുദധാരികൾക്കും എം.എസ്.സി. പരിസ്ഥിതി പഠനത്തിന് ചേരാൻ കഴിയുന്ന തരത്തിൽ അടുത്ത വർഷത്തെ പ്രവേശനം നടത്തേണ്ടതാണ്.

2. പാഠ്യപദ്ധതി പരിഭാഷ നിർവഹിക്കേണ്ടത് അതതു വകുപ്പിന്റെ ചുമതലയാണ്. പ്രത്യേകം ശിൽപശാല നടത്തേണ്ടതില്ല.

3. കേരളത്തിന്റെ പാരിസ്ഥിതികമായ അവസ്ഥകളും പ്രശ്നങ്ങളും കൂടി അഭിസംബോധന ചെയ്യുന്ന തരത്തിൽ സിലബസ് പരിഷ്കരിക്കേണ്ടതാണ്.

4. പൊതു ഐച്ഛികവിഷയത്തിന്റെ വിശദാംശങ്ങൾ നൽകിയിട്ടില്ല.

ഇനം **3/22**

## വികസനപഠനം (തദ്ദേശവികസനം) - കോഴ്സ് പുനഃസംഘടനയെ തുടർന്ന് സ്ഥാപിക്കേണ്ട കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ തുടങ്ങിയവ പരിഗണിക്കുന്നത് സംബന്ധിച്ച്

നമ്പർ: 1679(2)/2019/എ2/അഡ്മിൻ

**തീരുമാനം 3/22** വികസനപഠനത്തിന് കമ്പ്യൂട്ടർലാബ് സംവിധാനം നടപ്പാക്കണമെന്ന ആവശ്യത്തെ പിന്തുണച്ചു.

ഇനം **4/22**

## എം.എൻ. സത്യാർത്ഥിയുടെ പേരിൽ മലയാളസർവകലാശാലയിൽ ചെയർ സ്ഥാപിക്കുന്നത് സംബന്ധിച്ച്

നമ്പർ: 2781/2019/അഡ്മിൻ

**തീരുമാനം 4/22** സർവകലാശാലയിൽ ചെയറുകൾ സ്ഥാപിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങളും നയവും രൂപീകരിക്കുന്നതിനാവശ്യമായ ഉപസമിതിക്കു രൂപം നൽകി.

അംഗങ്ങൾ: കെ.പി. രാമനുണ്ണി (കൺവീനർ), പ്രൊഫ. എം. ശ്രീനാഥൻ, പ്രൊഫ. പി. പവിത്രൻ

എം.എൻ. സത്യാർത്ഥിയുടെ പേരിൽ ചെയർ സ്ഥാപിക്കുന്നത് അതിനുശേഷം മാത്രം ആലോചിക്കാവുന്നതാണ്.

ഇനം **5/22**

**2019-20 അദ്ധ്യയനവർഷത്തെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനപ്പരീക്ഷ എഴുതിയ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് മിനിമം മാർക്ക് നിബന്ധന ഒഴിവാക്കി പ്രവേശനം നൽകാൻ ബഹു. വൈസ്ചാൻസലർ നൽകിയ ഉത്തരവിന്റെ സാധൂകരണം സംബന്ധിച്ച്.**

നമ്പർ: 125/2019/പ.വി.

**തീരുമാനം 5/22** അംഗീകരിച്ചു.

ഇനം **6/22**

**ഗവേഷണസഭായോഗത്തിന്റെ മിനിറ്റ്സും ശുപാർശകളും അംഗീകരിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം 6/22** അംഗീകരിച്ചു.

ഇനം **7/22**

**കല ഫാക്കൽറ്റി ആരംഭിക്കുന്നത് സംബന്ധിച്ച്**

നമ്പർ: 2862/എ1/209/അക്കാദമികം

**തീരുമാനം 7/22** കലാഫാക്കൽറ്റി രൂപീകരിക്കാനുള്ള നിർദ്ദേശം അംഗീകരിച്ചു.

ഇനം **8/22**

**എം.എ., പിഎച്ച്.ഡി. കോഴ്സുമായി ബന്ധപ്പെട്ട തത്തുല്യ യോഗ്യതാനിർണയം സംബന്ധിച്ച്**

നമ്പർ: 1770/എ1/2019/അക്കാദമികം

**തീരുമാനം 8/22** അംഗീകരിച്ചു.

സംസ്കാരപൈതൃകപഠന കോഴ്സ് പുനഃസംഘടിപ്പിച്ച സാഹചര്യത്തിൽ തുല്യതാ പരീക്ഷക്ക് അംഗീകാരം നൽകി. ഇതുസംബന്ധമായ റിസർച്ച് കൗൺസിലിന്റെ തീരുമാനങ്ങൾ അംഗീകരിച്ചു.

എം.എ, എം.ഫിൽ പ്രോഗ്രാമുകളുടെ ശീർഷകം എം.എ. മലയാളം (സംസ്കാര പൈതൃകം); എം.ഫിൽ മലയാളം (സംസ്കാര പൈതൃകം) എന്ന് പരിഷ്കരിക്കേണ്ടതാണ്.

ഇതിനോടകം എം.എ. ബിരുദം നേടിയവർക്ക്, എം.എ. മലയാളം (സംസ്കാര പൈതൃകം) ശീർഷകത്തിൽ സർട്ടിഫിക്കറ്റ് ആവശ്യമെങ്കിൽ തത്തുല്യപരീക്ഷ എഴുതാവുന്നതാണ്.

എംഫിൽ കഴിഞ്ഞവരെ സംബന്ധിച്ച് നിലവിലുള്ള രീതി തന്നെ തുടരുന്നതാണ്.

കോഴ്സ് 1 - ഗവേഷണരീതിശാസ്ത്രത്തിന്റെ സിലബസ് 5 യൂണിറ്റ് ആക്കണം എന്ന ഭേദഗതിയോടെ അംഗീകരിച്ചു.

ഇനം
**9/22**

## തമിഴ് സർവകലാശാലയിൽ മലയാളം ചെയറും മലയാളം സർവകലാശാലയിൽ തമിഴ് ചെയറും സ്ഥാപിക്കുന്നത് സംബന്ധിച്ച്

നമ്പർ: 764/എ1/2019/അഡ്മിൻ

**തീരുമാനം 9/22** അംഗീകരിച്ചു.

ഇനം
**10/22**

## എഴുത്തച്ഛൻ പഠനകേന്ദ്രം ഉപദേശകസമിതി തീരുമാനങ്ങൾ - ആഡ് - ഓൺ (add-on) / ഓപ്പൺ ഇലക്ടീവ് / ഓൺലൈൻ മാതൃകയിൽ കോഴ്സുകൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് തീരുമാനിക്കുന്നത് സംബന്ധിച്ച്

നമ്പർ: 286/2015/വി.സി.

**തീരുമാനം 10/22** എഴുത്തച്ഛൻ പഠനകേന്ദ്രത്തിന്റെ ഡയറക്ടർ നിർദ്ദേശിച്ച ആഡ് ഓൺ/ഓപ്പൺ ഇലക്ടീവ് മോഡിലുള്ള കോഴ്സുകളിൽ രേഖപ്പെടുത്തിയ a, b, c, i, j എന്നിങ്ങനെ പരാമർശിച്ച കോഴ്സുകൾ നടത്താൻ അനുമതി നൽകി.

ആഡ് ഓൺ കോഴ്സിന്റെ സിലബസ്, ഫീസ് ഘടന എന്നിവ ഡയറക്ടറോട് ആവശ്യപ്പെടുക. പഠനബോർഡ് രൂപീകരിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നു.

II, III, IV, V നിർദ്ദേശങ്ങൾ അംഗീകരിച്ചു.

ഇനം
**11/22**

## യു.ജി.സി. നിർദ്ദേശ പ്രകാരം സ്വയം / മൂക്ക് (MOOC) കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

നമ്പർ: 1921/സ്വയം/2018/അഡ്മിൻ

**തീരുമാനം 11/22** അനുമതിപത്രം നൽകി. സ്വയം, മൂക് കോഴ്സുകൾ മലയാള മാധ്യമത്തിൽ മാത്രം നടത്തേണ്ടതാണ്.

ഇനം
**12/22**

## എം.എച്ച്.ആർ.ഡി.യും യു.ജി.സി.യും നിർദ്ദേശിച്ചിട്ടുള്ള നൈപുണ്യ വികസന കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

നമ്പർ: 361/നൈപുണ്യം/2019/അഡ്മിൻ

**തീരുമാനം 12/22** അംഗീകരിച്ചു. പുതിയ കോഴ്സുകൾ ശാസ്ത്ര-സാങ്കേതിക ഫാക്കൽറ്റിയുടെ കീഴിൽ നടത്തുന്നതാണ് അഭികാമ്യം.

ഇനം **13/22**

**ചരിത്രവിഭാഗം നടത്തിവരുന്ന എം.എ. (ചരിത്രം) കോഴ്സുകളുടെ പുനഃസംഘടനയും ബിരുദാനന്തരബിരുദം കരസ്ഥമാക്കിയവർക്കുള്ള തുല്യതാപരീക്ഷയും സംബന്ധിച്ച്**

നമ്പർ: 2159/2018/അക്കാദമികം

**തീരുമാനം 13/22** അംഗീകരിച്ചു.

യോഗം ഉച്ചക്ക് 2 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്